## പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 533

06.02.2013-ലെ മറുപടിയ്ക്ക്

# കൺസ്യൂമർ ഫെഡിന്റെ കർമ്മപദ്ധതികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി. എ. മാധവൻ<br>,, തേറമ്പിൽ രാമകൃഷ്ണൻ<br>,, ഷാഫി പറമ്പിൽ<br>,, സണ്ണി ജോസഫ് | ശ്രീ.സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ മന്ത്രി) |
| (എ) പൊതുവിപണിയിൽ ഗുണമേന്മയുള്ള സാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് വിതരണം ചെയ്യുന്നതിന് കൺസ്യൂമർഫെഡ് എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; | (എ) ത്രിവേണി സ്റ്റോറുകളിലൂടെയും ഫെഡറേഷന്റെയും പ്രാഥമിക സഹകരണ സംഘങ്ങളുടെയും നിയന്ത്രണത്തിൽ നീതി സ്റ്റോറുകളിലൂടെയും നന്മ സ്റ്റോറുകളിലൂടെയും ഗുണമേന്മയുള്ള എല്ലാവിധ നിത്യോപയോഗ സാധനങ്ങളും മിതമായ വിലയ്ക്ക് വില്പന നടത്തി വരുന്നു. കൂടാതെ കൺസ്യൂമർഫെഡിന്റെ റീട്ടെയിൽ ഔട്ട്‌ലെറ്റ് ശൃംഖല വിപുലീകരിക്കുന്നതിന്റേയും ശക്തമാക്കുന്നതിന്റെയും ഭാഗമായി എല്ലാ നിയോജക മണ്ഡലങ്ങളിലും സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾ സജ്ജമാക്കിയിട്ടുണ്ട്. കൂടാതെ ഒഴുകുന്ന ത്രിവേണികൾ ഇപ്പോൾ പ്രവർത്തനം നടത്തുന്നതിന് പുറമെ മലബാർ |

| | | | |
|---|---|---|---|
| | | | ഭാഗത്ത് പ്രവർത്തിക്കുന്നതിനായി 3 ഒഴുകുന്ന ത്രിവേണികളുടെ പണി പൂർത്തിയായി വരുന്നു. 10 ഇനം അവശ്യ നിത്യോപയോഗ സാധനങ്ങൾ പൊതു വിപണിയേക്കാൾ 20% വരെ കുറഞ്ഞ വിലയ്ക്ക് വർഷം മുഴുവൻ ലഭ്യമാക്കുന്ന നന്മ സ്റ്റോറുകൾ കൂടുതലായി ആരംഭിക്കുന്നതിനും ഉത്സവ കാലങ്ങളിൽ ഉണ്ടാകുന്ന വിലക്കയറ്റം തടയുന്നതിന് പ്രത്യേക വിപണന ചന്തകൾ/മേളകളിലൂടെ സബ്സിഡി നിരക്കിൽ അവശ്യ സാധനങ്ങൾ വിൽപ്പന നടത്തുന്ന പദ്ധതി തുടരുകയും ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ഇതിനായി പുതിയതായി ഏതെല്ലാം തരത്തിലുള്ള സ്റ്റോറുകളാണ് ആരംഭിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ അറിയിക്കുമോ; | (ബി) & (സി) | ഇപ്പോൾ പ്രവർത്തനം നടത്തുന്ന വിവിധ തരം ത്രിവേണി സ്റ്റോറുകളുടെയും ഒഴുകുന്ന ത്രിവേണി സ്റ്റോറുകളുടെയും നന്മ സ്റ്റോറുകളുടെയും എണ്ണം വർദ്ധിപ്പിച്ച് കൂടുതൽ ഉപഭോക്താക്കൾക്ക് കൺസ്യൂമർഫെഡിന്റെ സേവനം ലഭ്യമാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. പുതിയ പദ്ധതികൾ പ്രകാരമുള്ള സ്റ്റോറുകൾ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (സി) | ഇവ തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ ; വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ